# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3139 — 07.02.2018 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) റവന്യൂ വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1440 വില്ലേജുകളിൽ ഓൺലൈൻ വഴി കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേയ്മെന്റ് സംവിധാനം വയനാട്, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഉടൻതന്നെ എല്ലാ ഗവൺമെന്റ് ഇതര പെയ്മെന്റുകളും ഓൺലൈൻ ആക്കാനുള്ള സംവിധാനം നിലവിൽ വരുന്നതാണ്. |
| (ബി) ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതോടെ സാധാരണക്കാരായ ജനങ്ങൾ നികുതി അടക്കുന്നതിന് അക്ഷയ സെന്ററുകളെയും മറ്റ് സ്ഥാപനങ്ങളെയും സമീപിക്കുമ്പോൾ അവരുടെ സർവ്വീസ് ചാർജ് കൂടി നൽകേണ്ടിവരും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) റവന്യൂ ഇ-പേയ്മെന്റ് സംവിധാനം മുഖേന നികുതിയും മറ്റും സ്വീകരിക്കുന്നതിനായി നിലവിൽ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) ഇത് പരിഹരിക്കാൻ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം കൊണ്ടു വരുന്നതിന് ഏറ്റവും അത്യാവശ്യം വേണ്ടി വരുന്ന ജീവനക്കാരുടെ വിവരം ഉൾപ്പെടുത്തി വിശദവും വ്യക്തവുമായ ഒരു പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻ തന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ